"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനായി സാംസ്കാരിക പ്രോത്സാഹന പരിപാടികൾ എന്ന പദ്ധതി ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.231/2026/CLAD തീയതി,തിരുവനന്തപുരം,12-03-2026

---

പരാമർശം:-

1. സ.ഉ (പി) നം.62/2018/ധന തീയതി 16.04.2018
2. സ.ഉ (സാധാ) നം.391/2025/സാം.കാ.വ തീയതി 15.07.2025
3. ബഹു. വൈപ്പിൻ എം.എൽ.എ യുടെ 28.01.2025, 14.08.2025, 05.12.2025 തീയതികളിലെ KNU/MLA/TVM/2025-305 നമ്പർ കത്തുകൾ.
4. സ.ഉ (സാധാ) നം. 609/2025/സാം.കാ.വ തീയതി 22.10.2025

**ഉത്തരവ്**

വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ് എന്ന പരിപാടി സംഘടിപ്പിച്ചതിന് ആകെ ചെലവായ 7,02,408/- രൂപയിൽ 3,00,000/- രൂപ പരാമർശം (4) പ്രകാരം അനുവദിച്ചിരുന്നു. ഈ പരിപാടി സംഘടിപ്പിച്ചതിന് ചെലവായ ബാക്കി തുകയായ 4,02,408/- രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വൈപ്പിൻ എം.എൽ.എ കത്ത് സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷം 'വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ്' എന്ന പരിപാടി സംഘടിപ്പിച്ചതിന് ജില്ലാ കൾച്ചറൽ പ്രൊമോഷൻ കൗൺസിൽ രൂപീകരണം - സാംസ്കാരിക പ്രോത്സാഹന പരിപാടികളും (2205-00-102-47 (പ്ലാൻ)) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ₹4,02,408/- (നാല് ലക്ഷത്തി രണ്ടായിരത്തി നാനൂറ്റിയെട്ട് രൂപാ മാത്രം) പി.എസ്.റ്റി.എസ്.ബി അക്കൗണ്ട്സ് സിസ്റ്റം ആരംഭിക്കുന്നതിനുള്ള പരാമർശം (1) സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് അവശ്യ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആയത് വിശദമായി പരിശോധിച്ചശേഷം തുക അനുവദിക്കുന്നത് സംബന്ധിച്ച തുടർനടപടി സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള പ്ലാൻ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും ബന്ധപ്പെട്ട അധികാരി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സർക്കാരിനും, പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ), സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. കൂടാതെ, റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ. (വൈപ്പിൻ) കേരള നിയമ സഭ (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 12-03-2026 11:24:31
സെക്ഷൻ ഓഫീസർ

പകർപ്പ് : 1. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്

2. സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ